**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5552** **05-07-2024 - ൽ മറുപടിയ്ക്ക്**

**ക്ഷീര സംരംഭകത്വ വികസന കേന്ദ്രങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. വി. അൻവർ,<br>ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** | | **ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സുസ്ഥിരമായ വിപണിയുള്ള മേഖല എന്ന നിലയിൽ ക്ഷീര മേഖലയിലെ ക്ഷീര പരിശീലന കേന്ദ്രങ്ങളെ ക്ഷീര സംരംഭകത്വ വികസന കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് ആലോചിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | ക്ഷീരവികസന വകുപ്പിനു കീഴിൽ തിരുവനന്തപുരം, ഓച്ചിറ, അടൂർ, കോട്ടയം, ആലത്തൂർ, കോഴിക്കോട്, കാസർഗോഡ് എന്നിവിടങ്ങളിൽ ക്ഷീരപരിശീലന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇവിടെ ക്ഷീരമേഖലയുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ പരിശീലനങ്ങൾ നല്കി വരുന്നുണ്ട്. പരിശീലനം നല്കി മടക്കി അയക്കുന്ന നിലവിലത്തെ സംവിധാനത്തിൽ നിന്നും വ്യത്യസ്തമായി പരിശീലനാർത്ഥികളെ സംരംഭകരായി മാറ്റുന്നതിനു ഉതകുന്ന വിവിധ സഹായങ്ങൾ നല്കുന്ന കേന്ദ്രങ്ങളായി ക്ഷീര പരിശീലന കേന്ദ്രങ്ങളെ പരിണാമപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ട്. അതിലേക്കായി ക്ഷീരപരിശീലന കേന്ദ്രങ്ങളെ ക്ഷീര സംരംഭകത്വ വികസന കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുകയാണ്. |
| (ബി) | തീറ്റപ്പുൽ കൃഷി, പാലുത്പന്ന നിർമ്മാണ യൂണിറ്റുകൾ എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | (ബി) | ക്ഷീരവികസന വകുപ്പ് തീറ്റപ്പുൽ കൃഷിയുടെ നോഡൽ ഏജൻസിയാണ്. 20 സെന്റോ അതിലധിമോ സ്ഥലത്ത് പുൽകൃഷി ചെയ്യുന്ന കർഷകർക്കു സെന്റിനു 55 രൂപാ നിരക്കിൽ ധനസഹായം നല്കിവരുന്നു. 20 സെന്റിനു താഴെ പുൽകൃഷി ചെയ്യുന്നതിനു പുൽകട/ നടീൽ വസ്തു സൗജന്യമായി നല്കുന്നു.<br><br>വിവിധ പാലുല്പന്നങ്ങൾ ഗാർഹികമായും, വ്യാവസായികമായും നിർമ്മിക്കുന്നതിനുള്ള പരിശീലനങ്ങൾ ക്ഷീരവികസന വകുപ്പ് പരിശീലന കേന്ദ്രങ്ങൾ വഴി നല്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ